# കെഎസ്എഫ്ഇ വൈസ് ചെയർമാന് നൽകിയ നിയമവിരുദ്ധ ചുമതല പിൻവലിക്കണം: എ കെ ബാലൻ

തിരു: കെഎസ്എഫ്ഇ വൈസ് ചെയർമാന് നൽകിയ നിയമവിരുദ്ധമായ ചുമതലകളും അധികാരങ്ങളും ഉടൻ പിൻവലിക്കണമെന്ന് കെഎസ്എഫ്ഇ സ്റ്റാഫ് അസോസിയേഷൻ (സിഐടിയു) പ്രസിഡന്റ് എ കെ ബാലൻ എംഎൽഎ ആവശ്യപ്പെട്ടു.

കെഎസ്എഫ്ഇയുടെ എക്സിക്യൂട്ടീവ് അധികാരം മാനേജിങ് ഡയറക്ടറിലാണ് നിക്ഷിപ്തമായിരിക്കുന്നത്. എന്നാൽ, കുടിശ്ശിക നിവാരണം ഉൾപ്പെടെയുള്ള ചുമതലകൾ സർക്കാർ ഉത്തരവിലൂടെ വൈസ് ചെയർമാനെ ഏൽപ്പിച്ചിരിക്കുകയാണ്. ഇന്ത്യൻ കമ്പനി നിയമം അനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ രണ്ട് അധികാരകേന്ദ്രങ്ങൾ ഉണ്ടാകാൻ ഇത് കാരണമാകുന്നു. കമ്പനി നിയമത്തിന്റെ ഷെഡ്യൂൾ 4, സെക്ഷൻ 149 എന്നീ വകുപ്പുകളുടെ ലംഘനമാണിത്. മുൻകാലങ്ങളിൽ നികുതി-ധനവകുപ്പ് സെക്രട്ടറിമാരാണ് വൈസ് ചെയർമാൻ സ്ഥാനം വഹിച്ചിരുന്നത്. എന്നാൽ, യുഡിഎഫ് സർക്കാർ അധികാരത്തിൽ എത്തിയപ്പോഴാണ് ഉദ്യോഗസ്ഥനല്ലാത്ത ഒരാളെ ഈ സ്ഥാനത്ത് നിയോഗിച്ചത്. ചെയർമാന്റെ അഭാവത്തിൽ ബോർഡ് യോഗങ്ങളിൽ അധ്യക്ഷതവഹിക്കുക എന്നതല്ലാതെ മറ്റധികാരങ്ങൾ നിയമപരമായി ഇദ്ദേഹത്തിനില്ല. എന്നാൽ, തൃശൂരിലെ ഹെഡ് ഓഫീസിൽ പ്രത്യേക ഓഫീസും സ്റ്റാഫിനെയും ഇദ്ദേഹത്തിന് സജ്ജീകരിച്ചിരിക്കുകയാണ്. ആഡംബരകാർ ഇദ്ദേഹത്തിനായി വാങ്ങാനും നീക്കമുണ്ട്.

കെഎസ്എഫ്ഇയുടെ ആയിരം കോടിയോളം രൂപയ്ക്കുള്ള ട്രഷറി നിക്ഷേപത്തിന് പലിശവരുമാനം ഉറപ്പുവരുത്തണമെന്ന് ആവശ്യപ്പെട്ട് നിരവധി ഇടപെടലുകൾ ഉണ്ടായിട്ടും സർക്കാർ അനങ്ങാപ്പാറ നയമാണ് സ്വീകരിച്ചിരിക്കുന്നത്. ഈ സ്ഥിതി നിലനിൽക്കുമ്പോഴാണ് കമ്പനി നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ച് വൈസ് ചെയർമാന് ഈ ചുമതല നൽകി സർക്കാർ ഉത്തരവിറക്കിയത്. സ്ഥാപനത്തിന്റെ താൽപ്പര്യം ഉയർത്തിപ്പിടിച്ച് നിയമവിരുദ്ധമായ ഉത്തരവ് പിൻവലിക്കണമെന്ന് എ കെ ബാലൻ പ്രസ്താവനയിൽ ആവശ്യപ്പെട്ടു.